മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ഓഗസ്റ്റ് 17

# വാർത്താക്കുറിപ്പ്

## പരീക്ഷകേന്ദ്രത്തിൽ മാറ്റം

ഓഗസ്റ്റ് 19 മുതൽ നടക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ (2017 അഡ്മിഷൻ സി.ബി.സി.എസ്. റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷയെഴുതുന്ന രജിസ്റ്റർ നമ്പർ 170050015411 മുതൽ 170050015542 വരെയുള്ള ഫിനാൻസ് ആന്റ് ടാക്സേഷൻ വിദ്യാർഥികൾ മുള്ളൂരുത്തി നിർമ്മല ആർട്സ് ആന്റ് സയൻസ് കോളേജിൽ പരീക്ഷയെഴുതണം. രജിസ്റ്റർ നമ്പർ 170050030351 മുതൽ 170050030401 വരെയുള്ള ഫിനാൻസ് ആന്റ് ടാക്സേഷൻ വിദ്യാർഥികൾ മുള്ളൂരുത്തി തലകോട് നിർമല ട്രെയിനിംഗ് കോളേജിലും പരീക്ഷയെഴുതണം.

(പി.ആർ.ഒ./39/1538/2019)

## പരീക്ഷ തീയതി

സീപാസിലെ ഒന്നാം സെമസ്റ്റർ എം.എസ്‌സി. സൈബർ ഫോറൻസിക് (സി.എസ്.എസ്. - 2018 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഓഗസ്റ്റ് 30 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഓഗസ്റ്റ് 21 വരെയും 500 രൂപ പിഴയോടെ 22 വരെയും 1000 രൂപ സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1539/2019)

അഫിലിയേറ്റഡ് കോളേജുകളിലെ ഒൻപതാം സെമസ്റ്റർ ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്) പഞ്ചവത്സര ഇന്റഗ്രേറ്റഡ് (2011 അഡ്മിഷൻ സപ്ലിമെന്ററി), ഒൻപതാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് (2014 അഡ്മിഷൻ റഗുലർ/2012-2013 അഡ്മിഷൻ സപ്ലിമെന്ററി), ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (2014 അഡ്മിഷൻ റഗുലർ/2013 അഡ്മിഷൻ സപ്ലിമെന്ററി), ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി. (2014 അഡ്മിഷൻ റഗുലർ/2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ സെപ്തംബർ 20ന് ആരംഭിക്കും. പിഴയില്ലാതെ ഓഗസ്റ്റ് 22 വരെയും 500 രൂപ പിഴയോടെ 24 വരെയും 1000 രൂപ സൂപ്പർഫൈനോടെ 26 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1540/2019)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.എഫ്.ടി./ബി.എസ്‌സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈനിംഗ് (സി.ബി.സി.എസ്., 2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/റീഅപ്പിയറൻസ് ആന്റ് സി.ബി.സി.എസ്.എസ്., 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് 22 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1541/2019)

രണ്ടാം സെമസ്റ്റർ ബി.സി.എ./ബി.എസ്‌സി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (സി.ബി.സി.എസ്. - 2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/റീഅപ്പിയറൻസ്, സി.ബി.സി.എസ്.എസ്. - 2013 - 2016

അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് 26 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1542/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എസ്‌സി. ബയോകെമിസ്ട്രി (സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) മെയ് 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ഓഗസ്റ്റ് 19 മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1543/2019)

## ഓഗസ്റ്റ് 19ന് സർവകലാശാല സേവനങ്ങൾക്ക് നിയന്ത്രണം

മഹാത്മാ ഗാന്ധി സർവകലാശാല കൺവർജൻസ് അക്കാദമിയ കോംപ്ലക്‌സിന്റെ ഉദ്ഘാടന പരിപാടികൾ നടക്കുന്നതിനാൽ പരീക്ഷഭവനിലേക്കും മറ്റ് സെക്ഷനുകളിലേക്കും ഓഗസ്റ്റ് 19ന് ഉച്ചകഴിഞ്ഞ് മാത്രമേ പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കും പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ. രാവിലെ 10.30 മുതൽ കാമ്പസിനുള്ളിൽ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും. വാഹനങ്ങൾ കാമ്പസിനുള്ളിൽ പാർക്ക് ചെയ്യാൻ അനുവദിക്കില്ല.

(പി.ആർ.ഒ./39/1544/2019)

## എം.ജി.യിൽ പുതിയ മൂന്ന് പഠനവകുപ്പുകൾ തുടങ്ങും;
## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് ഓഗസ്റ്റ് 21ന്

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിൽ മൂന്ന് പുതിയ പഠനവകുപ്പുകൾകൂടി ആരംഭിക്കാൻ സർവകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. സ്‌കൂൾ ഓഫ് ഡേറ്റാ അനാലിസിസ്, സ്‌കൂൾ ഓഫ് മാത്തമാറ്റിക്‌സ് ആന്റ് സ്റ്റാറ്റിസ്റ്റിക്‌സ്, സ്‌കൂൾ ഓഫ് ജെൻഡർ സ്റ്റഡീസ് എന്നീ പഠനവകുപ്പുകൾകൂടിയാണ് ആരംഭിക്കുക. യോഗത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു.

ഓഗസ്റ്റ് 14ന് നടത്താനിരുന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് ഓഗസ്റ്റ് 21ന് നടക്കും. മുൻ വിജ്ഞാപനപ്രകാരംതന്നെയാണ് തെരഞ്ഞെടുപ്പ് നടക്കുക. ഉത്തരക്കടലാസ് മൂല്യനിർണയവുമായി ബന്ധപ്പെട്ട പ്രശ്‌നങ്ങൾ അതിവേഗം പരിഹരിക്കുന്നതിനുവേണ്ടി പ്രത്യേക സെക്ഷൻ രൂപീകരിക്കാൻ തീരുമാനിച്ചു. പഠനവകുപ്പുകളിൽ ഒഴിവുള്ള അധ്യാപക തസ്തികകളിലേക്ക് നിയമനത്തിനുള്ള നടപടികൾ പൂർത്തീകരിച്ച് നിയമനം നടത്താൻ തീരുമാനിച്ചു. സർവകലാശാലയ്ക്ക് കീഴിലുള്ള ഏറ്റവും മികച്ച കോളേജിന് പുരസ്‌കാരം നൽകുന്നതിനുവേണ്ടി മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിനും സർവകലാശാല പഠനവകുപ്പുകളുമായി ബന്ധപ്പെടുത്തി വിവിധ ഡിപ്പാർട്ട്‌മെന്റുകൾ ആരംഭിക്കുന്നതിനായി പ്രാഥമിക റിപ്പോർട്ട് തയാറാക്കാനും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിനെ ചുമതലപ്പെടുത്തി.

(പി.ആർ.ഒ./39/1545/2019)

## രാജ്യാന്തര ചലച്ചിത്രമേള ഓഗസ്റ്റ് 26ലേക്ക് മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്‌മെന്റ് സ്റ്റുഡന്റ്‌സ് യൂണിയന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 19 മുതൽ നടത്താനിരുന്ന 24-ാമത് രാജ്യാന്തര ചലച്ചിത്ര മേള മാറ്റിവച്ചു. ചലച്ചിത്രമേള ഓഗസ്റ്റ് 26 മുതൽ 30 വരെ സർവകലാശാല കാമ്പസിലെ സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടക്കും.

(പി.ആർ.ഒ./39/1546/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ